**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **12-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ നവമാധ്യമങ്ങളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാട്ട്സാപ്പ് പോലുള്ള നവമാധ്യമങ്ങൾ വഴി ഏതെങ്കിലും വകുപ്പിൽ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | വകുപ്പുകളിൽ ഒഫീഷ്യൽ ആയി വാട്ട്സാപ്പ് ഗ്രൂപ്പ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ രേഖകളും റിപ്പോർട്ടുകളും നവമാധ്യമങ്ങൾ വഴി ദുരുപയോഗം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സർക്കാർ കത്തിടപാടുകൾ ഔദ്യോഗിക ഈ-മെയിൽ വഴിയല്ലാതെ വാട്ട്സാപ്പ് വഴി നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഫയൽ സമ്പ്രദായം ഡിജിറ്റൽ ആയി മാറിയ ശേഷവും സർക്കാർ ഓഫീസുകളിൽ ബഹുഭൂരിപക്ഷവും, ഫയലുകളുടെയും കത്തുകളുടെയും മറ്റ് പ്രധാന രേഖകളുടെയും ഹാർഡ് കോപ്പി സൂക്ഷിക്കാൻ വേണ്ടി ധാരാളം പേപ്പർ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ഉപയോഗം കുറയ്ക്കാനും കാര്യക്ഷമമായ ബദൽ സമ്പ്രദായം സ്വീകരിക്കാനും എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ഇ) | ഇല്ല. നിലവിൽ ഇ-ഓഫീസ് സംവിധാനമാണ് പൂർണ്ണമായും ഉപയോഗിക്കുന്നത്. സർക്കാർ കത്തിടപാടുകൾ ഔദ്യോഗിക ഇ-മെയിൽ വഴിയും ഇ-ഓഫീസിലെ തപാൽ സംവിധാനം വഴിയും നടത്തുന്നത് പരമാവധി പ്രയോജനപ്പെടുത്തി വരുന്നു. |
| (എഫ്) | ക്ലാസ് നാല് വിഭാഗം ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് ഓഫീസ് സമയം കഴിഞ്ഞ് നിലവിലുള്ള ജോലിക്ക് തടസ്സം വരാതെ വേതനം കൈപ്പറ്റി മറ്റ് ജോലികൾ ചെയ്യാൻ കഴിയും | (എഫ്) | പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | വിധം നിലവിലുള്ള നിയമം ലഘൂകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ